പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4668 26-06-2019-ലെ മറുപടിയ്ക്ക്

**കർഷക പ്രതിസന്ധി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷകർ പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നറിയിക്കുമോ; | (എ) | ഉണ്ട്. കാർഷിക വിളകളുടെ ഉൽപാദനക്കുറവ്, കർഷക തൊഴിലാളി ക്ഷാമം, കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവയും 2018-ൽ കേരളം നേരിട്ട രൂക്ഷമായ പ്രളയം തുടങ്ങിയവയാണ് പ്രധാന കാരണങ്ങൾ. |
| (ബി) | ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ ഇടപെടലുകളാണ് ഇതിനകം നടത്തിയത്; | (ബി) | കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷിവ്യാപനം, ജൈവകൃഷി, കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം, യന്ത്രവത്ക്കരണം, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ്, കർഷകക്ഷേമം എന്നിവ ലക്ഷ്യം വച്ച് വിവിധ സംസ്ഥാന/ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, സുഗന്ധവ്യഞ്ജന വികസന പദ്ധതി, ഹൈ-ടെക് അഗ്രിക്കൾച്ചർ, മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉൽപാദനക്ഷമത ഉയർത്തലും, വിള ആരോഗ്യ പരിപാലനം, ജൈവകൃഷിയും ഉത്തമ കൃഷിമുറകളും, ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ ഉൽപാദനവും വിതരണവും, കാർഷിക വിപണനവും വിപണി വികസനവും, മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും, വയനാട് പാക്കേജ് പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള പദ്ധതികൾ, കിഴങ്ങ്-പയർവർഗ്ഗങ്ങളുടെ വികസനം, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം, നാടൻവിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും എന്നിവയാണ് പ്രധാന പദ്ധതികൾ. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കാർഷിക വിളകളുടെ |

| | | | |
|---|---|---|---|
| | | | ഉൽപാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.<br>കേന്ദ്ര സർക്കാർ നടപ്പാക്കിയ ആസിയാൻ കരാർ, മറ്റ് ആഗോള വ്യാപാര കരാറുകൾ എന്നിവ മൂലം കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, ഏലം, കുരുമുളക്, നാളികേരം (കൊപ്ര) മുതലായവയുടെ വിലയിടിവ് ആഭ്യന്തര ഉല്പാദനത്തെ ബാധിക്കുകയും തദ്വാര കാർഷിക മേഖലയുടെ പ്രതിസന്ധിക്ക് കാരണമാകുകയും ചെയ്തു. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തി വരുന്നു.<br>2018-ൽ ഉണ്ടായ പ്രളയംമൂലം തകർന്നടിഞ്ഞ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് നടത്തി വരുന്നത്. ജില്ലകളിൽ 'പുനർജനി' എന്ന പേരിൽ കാർഷികമേഖലയുടെ പുന:സൃഷ്ടിയ്ക്കായി, അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ നടപ്പിലാക്കി .<br>വെള്ളപ്പൊക്കക്കെടുതി മൂലം വിളകൾക്കും കൃഷി ഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ട് 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിന് അംഗീകാരം ലഭിച്ചു അതോടൊപ്പം പുതുകൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉല്പാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കുമായി 2018-19 – ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജനി പാക്കേജിനും അംഗീകാരം ലഭിക്കുകയും പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. പ്രളയാനന്തരം കേരളത്തിലെ കാർഷികമേഖല പുനരുജ്ജീവനത്തിന്റെ പാതയിൽ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്.<br>2018-ലെ മഹാപ്രളയം കണക്കിലെടുത്ത് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനുപരിയായി കൃഷി വകുപ്പിന്റെ ശീർഷകത്തിൽ നിന്നുള്ള പ്രത്യേക സഹായം കമുക്, കൊക്കോ, കാപ്പി, കുരുമുളക്, ജാതി, ഗ്രാമ്പൂ എന്നീ വിളകൾക്ക് ഇരട്ടിയാക്കി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ചു. ഏലത്തിന് നൽകുന്ന നഷ്ട പരിഹാരം ഹെക്ടർ ഒന്നിന് 18,000/- രൂപയിൽനിന്ന് 25.000/- രൂപയായി വർദ്ധിപ്പിച്ചു.<br><br>വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യ തുകയിൽ 20 വർഷത്തിനുശേഷം 2 മുതൽ 13 ഇരട്ടി വരെ വർദ്ധന നടപ്പിലാക്കി. പട്ടയം ലഭിക്കാത്ത അസംരക്ഷിത വനമേഖലയിലെ കൃഷിക്ക് കൂടി വിള ഇൻഷുറൻസ് പദ്ധതി ബാധകമാക്കി. മുമ്പ് ഉണ്ടായിരുന്ന വിളകൾക്ക് പുറമെ ചെറുധാന്യങ്ങൾ, മാവ് എന്നിവയെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി.<br><br>കർഷകർ പൊതു മേഖല വാണിജ്യ സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗ സംരക്ഷണം ഉൾപ്പെടെയുള്ള വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.12.2019 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | ഇടുക്കി ജില്ലക്ക് 5000 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത ജില്ലയിലെ കർഷകർ പ്രളയാനന്തരം നേരിടുന്ന പ്രതിസന്ധിയുടെ വെളിച്ചത്തിലാണോ ഈ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത്; | (സി) & (ഡി) | 2019-20 സാമ്പത്തിക വർഷം സുഗന്ധ വ്യഞ്ജന വിള വികസന പദ്ധതിയിൽ ഇടുക്കി ജില്ലയ്ക്കായി പ്രത്യേകം 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനായുള്ള ധനം എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ